പീക്ക് സമയത്തെ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് സൺ ഷിഫ്റ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗം ഉപഭോക്താക്കൾക്കും 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും പ്രതിമാസം 500 യൂണിറ്റിൽ കൂടുതൽ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കും ToD സമ്പ്രദായത്തിലാണ് ബിൽ ചെയ്യപ്പെടുന്നത്. ടി സമ്പ്രദായമനുസരിച്ച് പീക്ക് സമയത്തെ വൈദ്യുത ഉപഭോഗത്തിന് ഏർപ്പെടുത്തിയിരിക്കുന്ന നിരക്ക് മറ്റു സമയങ്ങളെ അപേക്ഷിച്ച് 20% മുതൽ 50% വരെ അധികമാണ്.

ജോബ് ഫെയർ

10 (*40) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ജോബ് ഫെയറിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ജോബ് ഫെയറുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർവഴി പൂർത്തീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ, കോട്ടയം, മലപ്പുറം എന്നീ ആറ് ജില്ലകളിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്. മേളയിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ സംസ്ഥാനത്തെ തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.റ്റി. മേഖയിലെയും മറ്റു വിവിധ മേഖലകളിലെയും കമ്പനികളെ ഉൾപ്പെടുത്തിയാണ് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത്. മലയാള മനോരമ, ജി-ടെക് എഡ്യൂക്കേഷൻ സെന്റർ, ബിഗ് ലീപ് കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ എന്നിവരുമായി ചേർന്നാണ് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത്.

(സി) 2011 സെപ്റ്റംബർ 6, 7 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജോബ് ഫെയർ M/s ബിഗ് ലീപ് ഈവന്റ് മാനേജ്മെന്റ് മുഖേനയും 2012 മെയ് 12-ാം തീയതി വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെയർ ജി-ടെക് എഡ്യൂക്കേഷൻ സെന്റർ മുഖേനയും 2013 മേയ് 11, 12 തീയതികളിൽ എറണാകുളം ജില്ലയിൽ M/s മലയാള മനോരമ മുഖേനയും 2013 മേയ് 31, ജൂൺ 1, 2014 ആഗസ്റ്റ് 16 എന്നീ തീയതികളിൽ ആലപ്പുഴ ജില്ലയിലെ അരൂർ നിയോജക മണ്ഡലത്തിൽ വച്ച് എം.എൽ.എ ശ്രീ. എ. എം. ആരിഫിന്റെ നേതൃത്വത്തിലും കോട്ടയം ജില്ലയിൽ 2015 ഫെബ്രുവരി 20, 21 തീയതികളിൽ M/s മലയാള മനോരമ മുഖേനയും 2014 മേയ് 26, 27 തീയതികളിൽ മലപ്പുറം ജില്ലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ മുഖേനയും ജോബ് ഫെസ്റ്റുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ ലഭ്യമാക്കിയിരുന്നു. വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 1666 പേർക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും 780 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 500 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും 225 പേർക്ക് Spot Job Offering Letter നൽകുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ 2013-ൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 5019 പേർ രജിസ്റ്റർ ചെയ്തിരുന്നു. 1008 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽത്തന്നെ 2014-ൽ അരൂർ നിയോജകമണ്ഡലത്തിൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 2631 പേർ പങ്കെടുക്കുകയും 261 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. കോട്ടയം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 7000 പേർ രജിസ്റ്റർ ചെയ്യുകയും 1500 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. മലപ്പുറം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെയറിൽ 4200 പേർ പങ്കെടുക്കുകയും 220 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly